## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1478** **10-10-2024 - ൽ മറുപടിയ്ക്ക്**

## സുനാമി കോളനിയിലെ അനധികൃത താമസക്കാരെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിലെ കടപ്പുറം സുനാമി നഗറിലെ അനധികൃത താമസക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടപ്പുറം വില്ലേജ് സുനാമി നഗറിൽ നിലവിൽ 44 കയ്യേറ്റമാണ് ഒഴിപ്പിക്കുവാനുള്ളത്. അതിൽ 16 പേർ സുനാമി വീട് അനുവദിക്കുന്നതിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപെട്ടവരാണ്. ബാക്കിയുള്ള 28 കയ്യേറ്റക്കാരെ സുനാമി നഗറിൽ നിന്നും ഒഴിപ്പിക്കുന്നതിന് മുൻപായി പുനരധിവസിപ്പിക്കുന്നതിനായി 24.6.2023 തീയതിയിലെ ജില്ലാ വികസന സമിതിയിലെ മീറ്റിംഗ് നിർദ്ദേശ പ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, ലൈഫ് മിഷൻ കോർഡിനേറ്റർ, തൃശ്ശൂർ എന്നിവർക്ക് പ്രസ്തുത കുടുംബങ്ങളുടെ ലിസ്റ്റ് കൈമാറിയിട്ടുണ്ട്. |
| (ബി) | തൃശ്ശൂർ ജില്ലാ വികസന സമിതിയിൽ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് രണ്ട് വർഷമായിട്ടും നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ? | (ബി) | സുനാമി നഗറിൽ നിലവിൽ അനധികൃതമായി താമസിക്കുന്ന 28 കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 10.10.2024 തീയതി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ, വില്ലേജ് ഓഫീസർമാർ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ എന്നിവരുമായി യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ